ചിറ്റൂർ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂളിനോടനു ബന്ധിച്ച റോഡ്

18 [33] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ മുനിസിപ്പാലിറ്റിക്കകത്തുള്ള ഗവൺമെൻറ് ബോയ്സ് സ്കൂളിനോട് ബന്ധപ്പെട്ടതും പൊതുജനങ്ങൾക്ക് ഉപകാരപ്രദവുമായ റോഡിന്റെ കാര്യത്തിൽ വല്ല നിവേദനങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി) നിവേദനമൊന്നും കിട്ടിയതായി കാണുന്നില്ല.

ഭൂപരിഷ്ക്കരണ നിയമം

19 [34] ശ്രീ. എം. കെ. കൃഷ്ണൻ:

,, പിണറായി വിജയൻ:

,, കെ. അനിരുദ്ധൻ:

,, എൻ. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണനിയമപ്രകാരം എത്ര കുടിയാൻമാർക്കും എത്ര കുടികിടപ്പുകാർക്കും ഇതേവരെ ഭൂമിയുടെ ഉടമാവകാശം കിട്ടി;

(ബി) ഓരോ ഇനത്തിലും എത്ര കേസ്സുകൾ തീർപ്പുകൽപ്പിക്കാതെ അവശേഷിക്കുന്നു ?

ഉത്തരം

(എ) കേരള ഭൂപരിഷ്ക്കരണനിയമപ്രകാരം 1979 ആഗസ്റ്റ് 31-ാം തീയതിവരെ 24,23,904 കുടിയാൻമാർക്കും 2,64,478 കുടികിടപ്പുകാർക്കും ഭൂമിയുടെ ഉടമാവകാശം കിട്ടിയിട്ടുണ്ട്.

(ബി) 1979 ആഗസ്റ്റ് 31-ാം തീയതിയിലെ കണക്കനുസരിച്ച് 12,775 കുടിയായ്മ കേസ്സുകളിലും 2,988 കുടികിടപ്പു കേസ്സുകളിലും തീരുമാനമെടുക്കേണ്ടതായുണ്ട്.

മിച്ചഭൂമി

20 [35] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായി:

,, ചടയൻ ഗോവിന്ദൻ:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഏക്കർ മിച്ചഭൂമി ഉണ്ടെന്ന് അവസാനമായി തിട്ടപ്പെടുത്തിയിരിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly